Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Chandrika
**Edition**: Kochi
**Date**: 06.10.2014
**Page**: 7
**Headline**: TCS IT Wiz 2014 contest on October 14th

# ടിസിഎസ് ഇന്റർ സ്കൂൾ ഐടി ക്വിസ് 14ന്

കൊച്ചി: പ്രമുഖ ഐടി സർവീസസ്, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം 14ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആന്റ് കൺവൻഷൻ സെന്ററിൽ നടക്കും. 1999-ൽ ആരംഭിച്ച ടിസിഎസ് ഐടി വിസ് ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ-സ്കൂൾ ഐടി ക്വിസ് മത്സരമാണ്.

എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ, (പ്രീ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽനിന്ന് പത്തു ടീമുകൾക്കുവരെ പങ്കെടുക്കാം. ഒക്ടോബർ 11ന് മുമ്പായി കെ.എസ്. ധന്യ, ഐടി വിസ് കോർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ&ടി ടെക് പാർക്ക് ലിമിറ്റഡ്, ഇൻഫോപാർക്ക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നൽകണം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന്: www.tcsitwiz.com. കുടുതൽ വിവരങ്ങൾ 09847895551 എന്ന മൊബൈൽ നമ്പരിൽനിന്നു ലഭിക്കും.